# ചിന്ത്



# ജി എച്ച് എസ് എസ് വാടാനാംകുറുശി

## പ്രണാമം



വാടാനാംകുറുശ്ശിയിൽ ദേശമംഗലം മന വക സ്ഥലം ഒരുരൂപ പ്രതിഫലത്തിന് സർക്കാരിന് നൽകിക്കൊണ്ട് അവരുടെയും നാട്ടുകാരുടെയും ശ്രമഫലമായി 1912 ൽ ഇവിടെ ഒരു ഗവഃ എൽ പി സ്കൂൾ സ്ഥാപിതമായി. എ കെ ടി കെ എം വലിയനാരായണൻ നമ്പൂതിരിപ്പാടാണ് ഈ സ്കൂളിന്റെ സ്ഥാപകൻ. 1936 ൽ യുപി ആയും 1958 ൽ ഹൈ സ്കൂൾ ആയും 1998 ൽ ഹയർ സെക്കൻഡറി ആയും വളർന്ന ഈ വിദ്യാലയത്തിന് പറയാൻ അധ്വാനത്തിന്റെയും പ്രതീക്ഷയുടെയും നീണ്ട ചരിത്രം തന്നെയുണ്ട്. അഭിമാനപൂർവം തലയുയർത്തിനിൽക്കുന്ന ഈ വിദ്യാലയം സമൂഹത്തിനു സംഭാവന നൽകിയ വ്യക്തികളുടെ സ്മരണകൾക്കുമുന്നിൽ .........

•

•

•

• ചരിത്രം

• പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽ ഷൊർണ്ണൂർ സബ്ജില്ലയിൽ ഓങ്ങല്ലൂർ പഞ്ചായത്തിൽ വാടാനാംകുറുശ്ശി എന്ന ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ജി.എച്.എസ്.എസ് വാടാനാംകുറുശ്ശി.1912–ൽ സ്ഥാപിച്ച ഈ വിദ്യാലയം പാലക്കാട് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.എ.കെ.ടികെ.എം വലിയ നാരായണൻ നമ്പൂതിരിപ്പാടാണ് ഈ സ്കൂളിന്റെ സ്ഥാപകൻ

•

•

•

• അവസ്ഥാവിശകലനം

പൊതു വിദ്യാഭ്യാസ സംരക്ഷണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്ന ഹൈടെക് സ്കൂൾ പദ്ധതിയിൽ വാടാനാംകുറുശ്ശി ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെട്ടിട്ടുണ്ട്.ഇതിന്റെ ഭാഗമായി 3 കോടി രൂപ ചിലവഴിച്ച് ക്ലാസ് മുറികളും, ലാബുകളും, ഓഡിറ്റോറിയവും ഉൾപ്പെടുന്ന ബ്ലോക്ക് വിദ്യാലയത്തിന് ലഭിച്ചിട്ടുണ്ടെങ്കിലു 20 ലേറെ ക്ലാസ് മുറികളുണ്ടായിരുന്ന ഒരു 'എൽ' ആകൃതിയിലുള്ള കെട്ടിടം ഉപയോഗശൂന്യമായത് (ആൺഫിറ്റ്) സ്കൂളിൽ ക്ലാസ് മുറികളുടെ വലിയ കുറവിന് കാരണമായിത്തീർന്നിരിക്കുകയാണ്. എന്നിരുന്നാലും ഹൈസ്കൂളിൽ നിലവിലുള്ള 24 ക്ലാസ്സ് മുറികളും, ഹയർ സെക്കന്ററിയിൽ 9 ക്ലാസ്സ് മുറികളും ഹൈടെക് പരിശീലന സംവിധാനമുള്ളതായി മാറിക്കഴിഞ്ഞു.

• <u>വാടാനാംകുറുശ്ശി ഗ്രാമം</u>

•

പാലക്കാടിന്റെ മനോഹാരിത വിളിച്ചോതുന്ന പച്ചപ്പാർന്ന നെൽപ്പാടങ്ങളാൽ ചുറ്റപ്പെട്ട വിദ്യാലയം.വാടാനാംകുറുശ്ശി ഗ്രാമത്തിലേക്ക് കടക്കുമ്പോൾ നമ്മുടെ ശ്രദ്ധ ആകർഷിക്കുന്ന നിരവധി മേഖലകൾ കാണാം. അതിൽ എടുത്തു പറയേണ്ട ഒന്നാണ് വാടാനാംകുറുശ്ശി റെയിൽവേ സ്റ്റേഷൻ. ഷൊർണ്ണൂർ – നിലമ്പൂർ റെയിൽപ്പാതയിൽ വരുന്നതാണ് ഈ സ്റ്റേഷൻ. പാലക്കാട് പട്ടാമ്പി സ്റ്റേറ്റ് ഹൈവേയും വാടാനാംകുറുശ്ശിയിലൂടെ കടന്നു പോകുന്നു. ആരഭി എന്ന വലിയ ഗ്രാമീണ വായനശാല അക്ഷര ലോകത്തേക്ക് ഈ നാടിനെ കൈ പിടിച്ചു നടത്തുന്നു.പതിറ്റാണ്ടുകൾക്കു മുൻപ് ആരംഭിച്ച ഈ വായനശാല വാടാനാംകുറുശ്ശിയുടേയും സമീപപ്രദേശങ്ങളുടേയും ജനങ്ങളുടെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. കളിമൺപാത്ര നിർമ്മാണ്ണം ഈ മേഖലയിലെ പ്രധാന കൈത്തൊഴിലുകളിൽ ഒന്നാണ്. ചെറുതും വലുതുമായ കാർഷിക ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റുകളും വാടാനാംകുറുശ്ശിയിലുണ്ട്. കാർഷികവൃത്തിയിലധിഷ്ഠിതമായ ജീവിതം നയിക്കുന്ന വലിയൊരു കർഷക സമൂഹവും ഈ നാടിന് സ്വന്തം. ഇവർ നാടിന്റെ തനിമ നിലനിർത്തുന്നു.അതുപോലെ കർഷകത്തൊഴിലാളികൾ ധാരാളമുള്ള ഒരു മേഖല കൂടിയാണ് വാടാനാംകുറുശ്ശി.

# ഉൾത്താളുകളിൽ

* ആൾക്കൂട്ടം............................കഥ

* ബോൺസായ്.......................കവിത

* മോഡേൺ ആർട്ട്..................കവിത

* വറകളും നിറങ്ങളും..................ചിത്രം

* അവൾ.....................................കഥ






# ആൾക്കൂട്ടം

ചുറ്റും ആരെയും ശ്രദ്ധിക്കാതെ തന്റെ കാര്യങ്ങളിൽ മാത്രം മുഴുകി. കുട്ടികളുടെ കലപില ശബ്ദങ്ങൾ അവിടെയാകെ മുഴങ്ങി. മീൻകാരന്റെ ചുറ്റും കൂടിയ അമ്മമാർ. കളിപ്പാട്ടത്തിനു വേണ്ടി വാശി പിടിക്കുന്ന കുട്ടികൾ.ഇതിനിടയിലും ദൂരെ എവിടെ നിന്നോ ഒരു ശബ്ദം, ഇറച്ചിക്കടക്കാരന്റെ കത്തിയുടെ മുനയിൽ നിൽക്കുന്ന കോഴി.

ഒരു മായ പോലെ തന്റെ ലോകത്തുകൂടി ജീവിച്ചു മരിക്കുന്നവർ. മരണവേഗത്തിൽ പായുന്ന വാഹനങ്ങൾ. എപ്പോഴോ ആരും ശ്രദ്ധിക്കാതെ കണ്ണീരൊഴുക്കുന്ന നദികൾ. ഒരു ചെറു ലക്ഷ്യത്തോടെ പറന്നുയരുന്ന കിളിനാദങ്ങൾ. ഇതിനിടയിലും കബളിപ്പിക്കുന്ന മായകൾ നടന്നുകൊണ്ടേയിരിക്കുന്നു.

വിശന്നു വലഞ്ഞ പശുക്കൾ അലറുന്നു. പ്രകൃതി അപ്പോഴും ബാക്കിയുണ്ട് നിഗൂഢസത്യങ്ങൾ മറച്ചു വച്ച്മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ............

സൂര്യകൃഷ്ണ .എ
10.ഡി



# ബോൺസായ്

മനസ്സിൽ നിന്ന്

ആ  ഇരുണ്ട അറയിലേക്ക്

വെയിലേൽക്കാതെ

നട്ടു വളർത്തിയ

ഒരു ഹൈബ്രീഡാണത് .

ഇലപൊഴിയും കാലത്തെ

സ്വപ്നം കണ്ട അവയിലെ

പാട്ടുകൾ.....



അടരുന്ന നേരവും

വെള്ളപൂക്കളായ്

പൂത്തുലയുകയായിരുന്നു

വീണ്ടും ആ ഓർമ ദിനത്തിലേക്ക്

പ്രവേശിക്കുകയാണ്

എന്താണെന്ന് അറിയില്ല

ചിലപ്പോൾ അതൊരു

ശീലമായത് കൊണ്ടാവാം

ആ ഭ്രൂപാന്തരത്തിന്റെ

മുരടിച്ചയിൽ

എന്നെത്തെയും പോലെ

ഒരു ടാഗുണ്ട് .....

ദർശന.എ

ജി എച് എച് എസ് വാടാനാംകുറുശ്ശി

# മോഡേൺ ആർട്ട്

ഇന്നലെ ........

ഞാറിന്റെ നാമ്പുകൾ

നിറഞ്ഞ പച്ചപ്പ്

കതിരിട്ട വയലുകൾ

ഇന്ന് .....

കൊയ്ത പാടം

നനവിന്റെ ശേഷിപ്പുകൾ

വറ്റി വരണ്ടു

വിണ്ടു കീറി

അതിൽ തെളിയുന്നു.

ചില രേഖാ ചിത്രങ്ങൾ

മോഡേൺ ആർട്ട്' .....




ദർശന . എ

എട്ട് ബി

ജി എച് എച് എസ് വാടാനാംകുറുശ്ശി

# വരകളും നിറങ്ങളും







**അബ്ജശ്രീ.എം മാലി**
**8 A**

# അവൾ

അവൾ അസുഖക്കാരിയായിരുന്നു. അസുഖം കൂടുന്തോറും അവൾ ശോഷിച്ചുകൊണ്ടേയിരുന്നു. മഴ നനയാനും, കൂട്ടുകാരുമൊത്ത് കളിക്കാനുമൊക്കെ അവൾക്ക് ഇഷ്ടമായിരുന്നു. എന്നാൽ അതിനൊന്നും കഴിയാതെ ആകുലതയോടെ അവൾ....

**മാളവിക. 8 E**

